Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 20&21/11/2006

ESTD.1998 Keraleeyam
2006 November

Rs. 10/-

# പ്രത്യേക സാമ്പത്തിക മേഖല

(സ്പെഷ്യൽ ഇക്കണോമിക് സോൺ-SEZ)



അമ്പാനി, ടാറ്റ, മഹീന്ദ്ര, നോക്കിയ തുടങ്ങിയ ഇന്ത്യൻ-വിദേശി കുത്തകകൾക്ക് നല്കുന്നതിനുവേണ്ടി പൊതുതാല്പര്യത്തിന്റെ മറവിൽ കർഷകരുടെ ഭൂമി ഏറ്റെടുക്കുന്നത് ഉടനെ നിർത്തിവെയ്ക്കണം. മറിച്ച് കർഷകരുടെ ഉല്പാദനവും അവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനു വേണ്ട സഹായം നല്കുകയാണ് സർക്കാർ ചെയ്യേണ്ടത്. കർഷകരെയും ആദിവാസികളെയും മത്സ്യ തൊഴിലാളികളെയും വൻതോതിൽ കുടിയൊഴിക്കുന്നതും കുത്തകകളുടെ കയ്യിൽ ഭൂമി കേന്ദ്രീകരിക്കുന്നതുമായ ഈ നയത്തിനെതിരെ ഇന്ത്യയുടെ പലഭാഗത്തും ജനകീയ സമരങ്ങൾ ഉയർന്നുവരുന്നുണ്ട്. ഈ ഭൂമി ഭൂരഹിതരും ചെറുകിടക്കാരുമായ കർഷകരടക്കമുള്ള ജനങ്ങൾക്ക് വിതരണം ചെയ്യണം. ഈ കർഷകർക്ക് വികേന്ദ്രീകൃത ജലസേചനം, തദ്ദേശീയ വിഭവങ്ങൾ, നികുതി ഇളവുകൾ തുടങ്ങിയവ നല്കി കാർഷികോല്പാദനം വർദ്ധിപ്പിക്കുകയാണ് വേണ്ടത്. "പ്രത്യേക പാക്കേജ്" വേണ്ടത് കുത്തകകൾക്കല്ല, ചെറുകിട കർഷകർക്കും തൊഴിലാളികൾക്കും സംരംഭകർക്കുമാണ്. ഇത്തരം ഇടപെടലുകളിലൂടെ മൊത്തം ദേശീയോല്പാദനം എല്ലാ തട്ടുകളിലും വർദ്ധിപ്പിക്കുന്നു എന്നുമാത്രമല്ല ജനങ്ങളുടെയും രാജ്യത്തിന്റേയും ജീവനോപാധികളും അവസരങ്ങളും വർദ്ധിക്കുകയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യും.

**മേധാ പട്ക്കർ**

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

ഹൃദയശൂന്യമായ വികസന അജണ്ടകളിലൂടെ തിമിര ബാധിതരാണെന്ന് മത്സരിച്ച് തെളിയിക്കുകയാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും. മണ്ണിന്റെ മക്കളെന്ന് പറയുന്നവർ പോലും ഇന്ത്യയുടെ സമ്പന്നമായ ഫലഭൂയിഷ്ഠതകളെ ആഗോള കുത്തകകൾക്ക് തീറെഴുതുന്ന ധാരണാപത്രത്തിൽ ഒപ്പുവെയ്ക്കുവാൻ വെമ്പിനില്ക്കുന്നു. നമ്മുടെ ജീവിതം മെച്ചപ്പെടുത്തുവാൻ വേണ്ടി ഒരു ദരിദ്രനെയെങ്കിലും പിന്നാമ്പുറത്തേക്ക് തള്ളിമാറ്റുന്നുണ്ടെങ്കിൽ അത് ഭരണഘടനയോട് ചെയ്യുന്ന കൊടും പാതകമാണ്.

**യു.ആർ. അനന്തമൂർത്തി**

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

പ്ലാച്ചിമടയിലെ സമരത്തിന് രണ്ട് വശമുണ്ട്. അത് ആഗോള കുത്തകകൾക്ക് എതിരായ സമരം എന്നതിനേക്കാൾ ജലത്തിന്റെ അവകാശത്തിനുവേണ്ടിയുള്ള സമരമായിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ അടിസ്ഥാനാവാശ്യങ്ങളെപ്പോലും തള്ളിക്കളഞ്ഞുകൊണ്ട് മറ്റൊരു സമൂഹത്തിന്റെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തണം എന്ന് ഒരു സംസ്കൃത സമൂഹത്തിന് വാദിക്കാനാവുമോ?

**സുനിത നാരായൻ**

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

വിദേശമൂലധനം രണ്ട് തരത്തിലുണ്ട് എന്ന് നാം വേർതിരിച്ചുകാണണം. നമ്മുടെ രാജ്യത്തെ തൊഴിലവസരം ഇല്ലാതാക്കുന്ന മൂലധനമുണ്ട്-ഉദാഹരണമായി കൊക്കകോള വരുന്നു. അവർ നമ്മുടെ നാട്ടിലെ അനേകം ചെറിയ ശീതളപാനീയ നിർമ്മാതാക്കളുടെ പണി കളയുന്നു. വിദേശസാധനം ഇറക്കുമതി ചെയ്ത് ഉപയോഗിക്കുന്നതുപോലെ തന്നെയാണിത്. കൊളോണിയൽ കാലഘട്ടത്തിലേക്ക് നമ്മളെ കൊണ്ടുപോവുകയാണത്.

**പ്രഭാത് പട്നായിക്**

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9447674375, E-mail : keraleeyamtcr@rediffmail.com